മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2025 നവംബർ 14

സീഡ് ഫണ്ടിംഗിന് അപേക്ഷിക്കാം

വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്താനും ക്രിയാത്മകവും വിപണിയോഗ്യവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യമിട്ട് മഹാത്മാഗാന്ധി സർവ്വകലാശാല ഏർപ്പെടുത്തിയ സീഡ് ഫണ്ടിംഗിന് അപേക്ഷ ക്ഷണിച്ചു. സർവകലാശാലാ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും (സ്വയംഭരണ കോളേജുകൾ ഉൾപ്പെടെ) വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന പത്ത് വിദ്യാർത്ഥികൾക്കാണ് പരമാവധി പതിനായിരം രൂപ വരെ ധനസഹായം ലഭിക്കുക. അപേക്ഷകർ നൂതന ആശയം സംബന്ധിച്ച വിശദമായ കുറിപ്പും അനുബന്ധരേഖകളും ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി ഒ, കോട്ടയം- 686560 എന്ന വിലാസത്തിൽ ഡിസംബർ 15ന് മുൻപായി അയക്കണം. വിശദവിവരങ്ങൾക്ക് mgu.ac.in *സന്ദർശിക്കുക.*

(പി.ആർ.ഒ/39/2204/2025)

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബി.വോക്ക് (ഓണേഴ്സ്) (2025 അഡ്മിഷൻ റഗുലർ) നവംബർ 2025 പരീക്ഷകൾക്ക് നവംബർ 17 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 19 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 20 വരെയും അപേക്ഷ സ്വീകരിക്കും.

.....

മൂന്നാം സെമസ്റ്റർ എംഎസ്.സി ആക്ച്യൂരിയൽ സയൻസ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 19, 26 തീയതികളിൽ നടത്താനിരുന്ന പരീക്ഷകൾ യഥാക്രമം നവംബർ 28 ഡിസംബർ ഒന്ന് തീയതികളിൽ നടക്കും.

.....

രണ്ടാം സെമസ്റ്റർ എംഎസ്.സി മെഡിക്കൽ അനാട്ടമി (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 15 മുതൽ നടക്കും. നവംബർ 26 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 27 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 28 വരെയും അപേക്ഷ സ്വീകരിക്കും.

.....

ഒന്നാം സെമസ്റ്റർ ഐഎംസിഎ (2025 അഡ്മിഷൻ റഗുലർ, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ രണ്ടു മുതൽ നടക്കും. നവംബർ 21 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 22 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 24 വരെയും അപേക്ഷ സ്വീകരിക്കും.

.....

ഒന്നാം സെമസ്റ്റർ ബിപിഎഡ് (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 30 മുതൽ നടക്കും. നവംബർ 27 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 28 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 29 വരെയും അപേക്ഷ സ്വീകരിക്കും.
(പി.ആർ.ഒ/39/2205/2025)

വൈവ

നാലാം സെമസ്റ്റർ എംഎ എക്കണോമിക്സ് (2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) മെയ് 2025 പരീക്ഷയുടെ ഡിസേർട്ടേഷൻ & വൈവ, ജനറൽ വൈവ പരീക്ഷകൾ നവംബർ 26 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈനിൽ.
(പി.ആർ.ഒ/39/2205/2025)

പബ്ലിക് റിലേഷൻസ് ഓഫീസർ